LIBRARY ARCHIVES Kerala Legislative Assembly

പ്രോഗ്രാം ബുക്കിംഗ് ഏജന്റുമാരുടെ ക്ഷേമം

294 (4000) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ കലാമേഖലയ്ക്കൊപ്പം പ്രവർത്തിച്ചു വരുന്ന പ്രോഗ്രാം ബുക്കിംഗ് ഏജന്റുമാരുടെ എണ്ണം സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ഈ വിഭാഗത്തിന് സർക്കാർ എന്തെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

&

(സി) കോവിഡ് പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ പ്രോഗ്രാം ബുക്കിംഗ് ഏജന്റുമാർക്കുകൂടി നൽകുന്ന കാര്യം പരിഗണിക്കുമോ?

പ്രോഗ്രാം ബുക്കിംഗ് ഏജന്റുമാരുടെ കണക്ക് സംബന്ധിച്ചോ ഇവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചോ സാംസ്കാരിക വകുപ്പിൽ വിവരങ്ങൾ ലഭ്യമല്ല.

(ഡി) കലാകാരന്മാരുടെ ക്ഷേമനിധിയിൽ പ്രസ്തുത ഏജന്റുമാരെക്കൂടി ഉൾപ്പെടുത്താമോ?

ബന്ധപ്പെട്ട ക്ഷേമനിധി ആക്ടിൽ ഇതിനുള്ള വ്യവസ്ഥയില്ല.

(ഇ) പ്രോഗ്രാം ബുക്കിംഗ് ഏജന്റുമാർക്ക് സർക്കാർതല രജിസ്ട്രേഷൻ ഉണ്ടോ; വിശദമാക്കുമോ; ഇല്ലായെങ്കിൽ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുമോ?

പ്രസക്തമല്ല.

കലാപൈതൃക സംരക്ഷണ കമ്മീഷൻ

295 (4001) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിഭാവനം ചെയ്ത കലാപൈതൃക സംരക്ഷണ കമ്മീഷൻ വഴി പൈതൃക സമുച്ചയങ്ങൾ, സ്മാരകങ്ങൾ, വാസ്തുവിദ്യാ പ്രാധാന്യമുള്ള കെട്ടിടങ്ങൾ എന്നിവ നഗരാതിർത്തിക്കകത്ത് സംരക്ഷിക്കുന്ന പദ്ധതി നിലവിലുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മാസ്റ്റർ പ്ലാൻ മുഖേന ഹെറിറ്റേജ് സോൺ/കൺസർവേഷൻ സോൺ എന്ന് വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിലെ പൈതൃക സമുച്ചയങ്ങളുടെയും സ്മാരകങ്ങളുടെയും വാസ്തുവിദ്യാ പ്രാധാന്യമുള്ള കെട്ടിടങ്ങളുടെയും സംരക്ഷണം തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലെ കലാപൈതൃക സംരക്ഷണ കമ്മീഷൻ എന്ന പദ്ധതിയിലൂടെ നടത്തിവരുന്നു.

(ബി) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ നീലേശ്വരം നഗരസഭയ്ക്കുകീഴിലെ കോവിലകവും ചിറയും ദാരുശില്പങ്ങളും കൊത്തുപണികളും ഉൾപ്പെടെയുള്ളവ സംരക്ഷിക്കാൻ നടപടികൾ ഉണ്ടാകുമോ; കാസർഗോഡ് ജില്ലയിലെ സാംസ്കാരിക കേന്ദ്രമായി അറിയപ്പെടുന്ന ഇവിടെ തദ്ദേശസ്വയംഭരണ വകുപ്പുവഴി നഗരാസൂത്രണം നടത്താൻ നടപടികളുണ്ടാകുമോ?

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന നീലേശ്വരം കോവിലകവും മറ്റും വില നൽകി ഏറ്റെടുത്ത് പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള പുരാവസ്തു വകുപ്പിന്റെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. തദ്ദേശസ്വയംഭരണ വകുപ്പിൽ കലാപൈതൃക സംരക്ഷണ കമ്മീഷൻ എന്ന പദ്ധതിയിലുൾപ്പെടുത്തി തയ്യാറാക്കി വരുന്ന കാസർഗോഡ് ജില്ലയുടെ കരട് ഹെറിറ്റേജ് ലിസ്റ്റിൽ നീലേശ്വരം കോവിലകം ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതല്ല.

സാംസ്കാരിക രംഗത്ത് ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ

296 (4002) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക രംഗത്തെ വ്യക്തികളെ ഒരു കുടക്കീഴിൽ അണിനിരത്തുന്നതിനും അവർക്ക് സ്ഥിരമായ വരുമാന സ്രോതസ്സ് ഉറപ്പുവരുത്തുന്നതിനുമായി ഡിജിറ്റൽ പ്ലാറ്റ്ഫോമുകളെ ഉപയോഗപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കലാകാരന്മാർക്ക് അവരുടെ കലാസൃഷ്ടികൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ അവതരിപ്പിക്കുന്നതിന് ബന്ധപ്പെട്ട അക്കാദമികൾ അവസരമൊരുക്കുന്നുണ്ട്. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ ഒരു നവമാധ്യമ കലാസംഗമം ' മഴമിഴി' എന്ന പേരിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാംസ്കാരിക വകുപ്പിനും സ്ഥാപനങ്ങൾക്കുമായി പൊതുവായ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.